കവിത 6

**എന്റോളേ, എന്റോളേ.. നമ്മളേ...**

ഒന്ന്

മീത്തേവളപ്പ് കേറി

വടക്കോട്ട് തിരിഞ്ഞാല്

നാലാമത്തെ പൊരേല്

രണ്ട് പെണ്ണുങ്ങൾ പാർക്കണെന്ന്

ദിവാരൻ പറഞ്ഞാണറിഞ്ഞത്.

ഹാന്നേ !

രണ്ട് പെണ്ണുങ്ങളല്ലേന്ന്

തിന്നും കുടിച്ചും പാർത്തോട്ടേന്ന്

പത്രക്കാരൻ വറീത്

മീൻകാരൻ അയമ്മദ്ദ്.

പപ്പടക്കാരി കൊച്ചുത്രേസ്യ

എടത്തു മൂക്കമർത്തി കാറിത്തുപ്പി.

ഏന്റ പുള്ള കാലിക്കുപ്പി

പെറുക്കാൻ പോയപ്പോ

കണ്ടു പറഞ്ഞവടത്തെ കാട്ടായം.

മൂക്കും മുലയും കണ്ട് തമ്പുരാനേ

പെണ്ണായ പെണ്ണൊന്നും

പെണ്ണുങ്ങളല്ലെന്ന്

നെല്ല് കുത്തണ പാറു

കൊട്ട നെയ്യണ ജാനമ്മ

ഏച്ചുകെട്ടിയാൽ

മുഴച്ചു നിക്കൽക്കണ

കാലത്തീന്റെ വർത്താനം മിണ്ടാതെ

പത്രം മടക്കി

നാളേയ്ക്ക് അരയ്ക്കാൻ

ഉഴുന്ന് കുതിരാനിടുന്നു

ചായപീടികക്കാരി അമ്മിണി.

<u>രണ്ട്</u>

എന്റെ ഓളേ

വൈന്നേരം വരുംമ്പം

നമുക്കൊരു കൂട് കണ്മഷി

കരിവള

ഒട്ടിക്കണ പൊട്ട്.

ഏന്റെ ഓളേ,

പിന്നെ?

വയ്ക്കാൻ അരി

ഒണക്ക മീൻ

തുട്ട് തെകഞ്ഞാല് പപ്പടോം

വേലി പൊത്തില്

മാലോകര് തലപൊക്കണ

നട്ടുച്ചനേരത്ത്

വാതില്ല കൊട്ടിയടച്ച്

കൂട്ടാനൊഴിച്ച് ചോറുതിന്ന്

ഓളുടെ മണ്ണോള്ള മെത്തയിൽ

എന്റോളേന്ന് ആഴത്തിൽ വിരലോടി.

പെണ്ണായേനും

പെറാത്തേനും

പൊറുപ്പിക്കാത്തോളേന്നവർ വിളിച്ചില്ല.

എന്റോളേ.....

എന്റോളേ.....

നമ്മളേന്ന്.....

മൂന്ന്

രണ്ട് പെണ്ണോള് മിണ്ടിയതിന്

കേട്ടതിന്

കെട്ടിപ്പിടിച്ചേന്

ഉമ്മ വെച്ചതിന്

അന്തിയുറങ്ങിയേന് ശേഷവും

നിലാവസ്തമിച്ചു

രാത്രി പുലർന്നു

പുഴ ഒഴുകി

ചോറ് വെന്തു

കറി തിളച്ചു

അമ്മിണ്യേടത്തീടെ

ഉഴുന്നരച്ച ദോശ

ഉണ്ടുറങ്ങിയവരുടെ ഉറക്കച്ചടവിൽ

ആ പെണ്ണുകൾ

മൂശേട്ടയും മറ്റേതുമായെങ്കിലും

എന്റോളേന്ന് ഓളും

എന്തോന്ന് മറ്റോളും

മറ്റൊരു ലോകം നെയ്തു കെട്ടി....

***– പ്രബിത പ്രകാശ്***